# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:T3628

19/02/2013 - ൽ മറുപടിക്ക്

### ദേശീയ ജലപാത കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.തോമസ് ചാണ്ടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ. | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ ഏതുവരെയായിയെന്ന് വ്യക്തമാക്കാമോ; | (എ) കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ജലപാതയാണ് ദേശീയ ജലപാത നമ്പർ 3 ആയി അംഗീകരിച്ച് പ്രവൃത്തികൾ നടത്തിവരുന്നത് ഇതിന് 168 കി.മീ ദൈർഘ്യം ഉണ്ട്. കൂടാതെ ചമ്പക്കരകനാൽ, (14 കി.മീ), ഉദ്യോഗമണ്ഡൽ കനാൽ (23 കി.മീ) ഇവയുൾപ്പെടെ 205 കി.മീ ദൈർഘ്യമാണ് ഇതിനുള്ളത്. ഈ പണിയുടെ മേൽനോട്ടം വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ 'ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ' (IWAI) ആണ്. ആകെ 205 കി.മീ ദൈർഘ്യമുള്ള ദേശീയ ജലപാതയിൽ തകഴിയ്ക്കും കൊല്ലത്തിനുമിടക്കുള്ള 50 കി.മീറ്ററിൽ 10.63 കി.മീ മാത്രം വീതികൂട്ടുവാനും ആഴം കൂട്ടുവാനുമുള്ള ഡ്രെഡ്ജിംഗ് പണികൾ അവശേഷിക്കുന്നു എന്നാണ് IWAI കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം മുഖേന അറിയിച്ചിട്ടുള്ളത്. |

| | |
|---|---|
| (ബി) കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത കമ്മീഷൻ ചെയ്യുന്നതിനുള്ള പ്രധാന തടസ്സങ്ങൾ എന്തെല്ലാം; ഇവ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു; | (ബി) ഡ്രഡ്ജിംഗിൽ നിന്ന് ലഭിക്കുന്ന മണ്ണ് നിക്ഷേപിക്കുന്നതിനുള്ള സ്ഥലപരിമിതിയും മണ്ണിനായുള്ള സ്ഥലവാസികളുടെ അവകാശവാദവും ചീന, ഊന്നി വലകൾ നീക്കം ചെയ്യുന്നത് സംബന്ധിച്ചുള്ള പ്രശ്നങ്ങളും ഡ്രഡ്ജിംഗിന് തടസ്സമാകുന്നുണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) കോവളം മുതൽ നീലേശ്വരം വരെയുള്ള ജലപാത കേരളത്തിന്റെ വ്യാപാര-ടൂറിസം വികസനത്തിന്റെ നെടുംതൂണായി മാറുമെന്നത് പരിഗണിച്ച്, ദേശീയ ജലപാത കമ്മീഷൻ ചെയ്യുന്നതിനുള്ള തടസ്സങ്ങൾ നീക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ഭാഗം ഒഴികെ, കോവളം മുതൽ നീലേശ്വരം വരെയുള്ള ജലപാത ദേശീയജലപാതയുടെ ഭാഗമല്ല. എങ്കിലും തെക്ക് കൊല്ലം മുതൽ കോവളം വരെയും വടക്ക് കോട്ടപ്പുറം (തൃശ്ശൂർ) മുതൽ കാസർഗോഡ് വരെയും ജലപാത ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് പഠനം നടത്തി NATPAC ഡ്രാഫ്റ്റ് റിപ്പോർട്ട് IWAI യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ